# പതിനഞ്ചാം കേരള നിയമസഭ

രണ്ടാം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2021 ആഗസ്റ്റ് 4, ബുധനാഴ്ച

**നമ്പർ 22**

രാവിലെ 9.00-ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു

**ചോദ്യങ്ങൾ :**

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ നാലെണ്ണം സഭയിൽ ചോദിക്കുകയും അവയ്ക്ക് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

**അടിയന്തരപ്രമേയം :**

കോട്ടയം അർബൻ കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ മണിപ്പുഴ ശാഖയിൽ നിന്നമെടുത്ത ഭവന വായ്പ തിരിച്ചടവ് മുടങ്ങിയ സാഹചര്യത്തിൽ ബാങ്ക് ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്നുണ്ടായ ജപ്തി നടപടികളെത്തുടർന്ന് ഇരട്ട സഹോദരങ്ങളായ നിസാർ ഖാനും നസീർ ഖാനും ആത്മഹത്യ ചെയ്തതുമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതര സാഹചര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും മറ്റ് അഞ്ച് അംഗങ്ങളും ഒരു അടിയന്തരപ്രമേയത്തിന് നോട്ടീസ് നല്കിയിരുന്നു. സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രിയുടെ മറുപടിയുടെ വെളിച്ചത്തിൽ അടിയന്തരപ്രമേയത്തിന് സ്പീക്കർ അവതരണാനുമതി നിഷേധിച്ചു.

(ഇക്കാര്യത്തിൽ സർക്കാർ അനുവർത്തിച്ച നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ സഭയിൽ നിന്നിറങ്ങിപ്പോയി.)

**ശ്രദ്ധ ക്ഷണിക്കൽ :**

(1) കേന്ദ്ര സർക്കാരിന്റെ ബ്ലൂ എക്കോണമി നയരേഖ സംസ്ഥാനത്തെ മത്സ്യമേഖലയിൽ സൃഷ്ടിക്കുന്ന വിപത്തുകളിലേക്ക് ശ്രീ. വി. ആർ. സുനിൽ കുമാർ മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

(2) സംസ്ഥാനത്തെ മാനസികാരോഗ്യ കേന്ദ്രങ്ങളുടെ ശോചനീയാവസ്ഥ പരിഹരിക്കേണ്ടതിന്റെയും രോഗം ഭേദമായവരെ പുനരധിവസിപ്പിക്കാൻ പദ്ധതി രൂപീകരിക്കേണ്ടതിന്റെയും ആവശ്യകതയിലേക്ക് ശ്രീ. അനൂപ് ജേക്കബ് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

KNPP. 1227/2021(i).

ചട്ടം 304 പ്രകാരമുള്ള വിഷയങ്ങൾ:

ചട്ടം 304 പ്രകാരം താഴെ പറയുന്ന വിഷയങ്ങൾ അംഗങ്ങൾ സഭയിൽ ഉന്നയിച്ചു

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പമന്ത്രി |
|---|---|---|---|
| 1 | ശ്രീ. കെ. പി. എ. മജീദ് | പരപ്പനങ്ങാടി കോടതി സമുച്ചയ നിർമ്മാണം | മുഖ്യമന്ത്രി |
| 2 | ശ്രീ. വാഴൂർ സോമൻ | മുല്ലപ്പെരിയാറിൽ പുതിയ ഡാം നിർമ്മാണം | ജലവിഭവ വകുപ്പമന്ത്രി |
| 3 | ശ്രീ. വി. ജോയി | ഇടവ, പുന്നമൂട് റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണം | പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പമന്ത്രി |
| 4 | ഡോ. മാത്യു കുഴൽനാടൻ | മൂവാറ്റുപുഴ-ഇത്താട്ടുകുളം റോഡ് വികസനം | പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പമന്ത്രി |
| 5 | ശ്രീ. കെ. കെ. രാമചന്ദ്രൻ | പുതുക്കാട് ജംഗ്ഷനിലെ അടിപ്പാത നിർമ്മാണം | പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പമന്ത്രി |
| 6 | പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | പുത്തൂർ-ചെനക്കൽ ബൈപ്പാസ് | പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പമന്ത്രി |
| 7 | ശ്രീ. സനീഷ്കുമാർ ജോസഫ് | ചാലക്കുടി നഗരസഭാ ജംഗ്ഷനിലെ അടിപ്പാത നിർമ്മാണം | പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പമന്ത്രി |
| 8 | ശ്രീ. ഒ. ആർ. കേളു | കേരള ചിക്കൻ പദ്ധതി | മൃഗസംരക്ഷണവും ക്ഷീരവികസനവും വകുപ്പമന്ത്രി |
| 9 | ശ്രീ. ജോബ് മൈക്കിൾ | ചങ്ങനാശ്ശേരി കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷന് പുതിയ കെട്ടിട നിർമ്മാണം | ഗതാഗത വകുപ്പമന്ത്രി |
| 10 | ശ്രീ. ജി. സ്റ്റീഫൻ | ജി. വി. രാജ സ്പോർട്സ് സ്കൂളിന്റെ അടിസ്ഥാന സൗകര്യ വികസനം | കായികവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പമന്ത്രി |

അതാതു വിഷയം സംബന്ധിച്ച് മന്ത്രിമാർ പ്രസ്താവന നടത്തി.

മേശപ്പുറത്തുവച്ച കടലാസ്സുകൾ :

ചട്ടം 236 (5) പ്രകാരമുള്ള കടലാസുകൾ :

| സബ്ജക്ട് കമ്മിറ്റി | കാലതാമസപത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ബണ്ടിക നമ്പർ |
| XIV—ആഭ്യന്തരകാര്യങ്ങൾ | 2020-21 | 5 | 52 |
| VI—വിദ്യാഭ്യാസം | 2018-19 | 3 | 58 |
| IX—തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും | 2017-18 | 2 | 10 |
| I—കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും | 2017-18 | 2 | 58 |

ചട്ടങ്ങൾക്കുള്ള ഭേദഗതി :

2020 ഏപ്രിൽ 16 - ാം തീയതിയിലെ സ. ഉ. (അച്ചടി) നമ്പർ 18/2020/ആഭ്യന്തരം (എസ്.ആർ.ഒ. നമ്പർ 275/2020) മുഖേന പുറപ്പെടുവിച്ചിട്ടുള്ള 2020-ലെ കേരള പോലീസ് ചട്ടങ്ങൾക്ക് ഡോ. മാത്യു കുഴൽനാടൻ ഭേദഗതി അവതരിപ്പിച്ച് സംസാരിച്ചു മുഖ്യമന്ത്രിക്ക് വേണ്ടി നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി നൽകിയ മറുപടിക്കുശേഷം, അവതരിപ്പിച്ച ഭേദഗതികളിൽ താഴെപ്പറയുന്നവ സഭ അംഗീകരിക്കുകയും ശേഷിക്കുന്നവ സഭയുടെ അനുമതിയോടെ പിൻവലിക്കുകയുമുണ്ടായി:

"ചട്ടം 5-ൽ വ്യവസ്ഥ ചെയ്യുന്ന ഫാറം 2-ന്റെ പട്ടികയിൽ വില്പന സംബന്ധിച്ച നിബന്ധനകൾ എന്ന ശീർഷകത്തിൻ കീഴിലെ ഇനം 1-ൽ '13-ാം വകുപ്പ് പ്രകാരം ' എന്നത് മാറ്റി '113-ാം വകുപ്പ് പ്രകാരം ' എന്ന് ചേർക്കുക".

ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന :

കോവിഡ് രണ്ടാം തരംഗവുമായി ബന്ധപ്പെട്ട നിയന്ത്രണങ്ങളും തുടർനടപടികളും സംബന്ധിച്ച് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി ശ്രീമതി വീണാ ജോർജ്ജ് ചട്ടം 300 അനുസരിച്ച് താഴെപ്പറയുന്ന പ്രസ്താവന നടത്തി.

"കോവിഡ് 19 മഹാമാരി ലോകത്താകമാനം ആരോഗ്യ-സാമൂഹിക-സാമ്പത്തിക മേഖലകളിൽ വലിയ പ്രത്യാഘാതങ്ങളാണ് സൃഷ്ടിച്ചിട്ടുള്ളത്. കേരളത്തിൽ അതിശക്തമായ പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി രോഗവ്യാപന തീവ്രത കുറച്ചു നിർത്തുന്നതിനാണ്

തുടക്കം മുതൽ നാം ശ്രമിച്ചു പോരുന്നത്. ജനസാന്ദ്രതയിൽ, ദേശീയ ശരാശരിയുടെ ഇരട്ടിയുള്ള ജീവിത ശൈലീ രോഗങ്ങളുള്ള കേരളത്തിൽ മാസ്ക് ധരിച്ചും സാമൂഹിക അകലം പാലിച്ചും, ടെസ്റ്റുകൾ നടത്തിയും സമ്പർക്കപ്പട്ടിക തയ്യാറാക്കി നിരീക്ഷിച്ചുമുള്ള ഇടപെടലുകളിലൂടെ രോഗനിയന്ത്രണത്തിന് നമ്മൾ നടത്തിയ ശ്രമങ്ങൾ വിജയകരമാണ് എന്നാണ് ഐ.സി.എം.ആറിന്റെ സീറോ പ്രിവലൻസ് സ്റ്റഡി വ്യക്തമാക്കുന്നത്. കേരളത്തിൽ ജനസംഖ്യയുടെ പകുതിയിൽ അധികം പേരും രോഗം വരാത്തവരും പ്രതിരോധ പ്രവർത്തനങ്ങളിലൂടെ കൊറോണ വൈറസിൽനിന്ന് സംരക്ഷിതരുമാണ്. കേരളത്തിലെ ജനങ്ങൾ പൂർണ്ണതോതിൽ നൽകുന്ന സഹകരണവും പിന്തുണയുമാണ് മികച്ച രീതിയിൽ കോവിഡിനെ പ്രതിരോധിക്കുന്നതിന് സഹായിക്കുന്നത്.

**വാക്സിനേഷനുള്ള നടപടികൾ**

മുഴുവൻ ജനങ്ങൾക്കും കുറഞ്ഞ സമയത്തിനുള്ളിൽ വാക്സിൻ നൽകുക എന്നതാണ് കേരളത്തിന്റെ ലക്ഷ്യം. എന്നാൽ കേന്ദ്ര സർക്കാർ നൽകുന്ന വാക്സിന്റെ ലഭ്യതയെ ആശ്രയിച്ചാണ് ഇതുള്ളത്. വാക്സിൻ ഉറപ്പുവരുത്തിക്കൊണ്ടുമാത്രമേ ഈ രോഗത്തെ പ്രതിരോധിക്കാനാവുവെന്ന് വ്യക്തമായിക്കഴിഞ്ഞിട്ടുണ്ട്. അതുകൊണ്ട് തന്നെ കഴിയാവുന്നത്ര ജനങ്ങൾക്കിടയിൽ വാക്സിനേഷൻ നടത്തുന്നതിനുള്ള നടപടികളാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചുവരുന്നത്. സംസ്ഥാനത്ത് ഇതുവരെ 1,47,90,596 പേർക്ക് ഒന്നാം ഡോസും 62,01,105 പേർക്ക് രണ്ടാം ഡോസും നൽകിട്ടുണ്ട്. അതായത് 2,09,91,701 ഡോസ് വാക്സിൻ നൽകിക്കഴിഞ്ഞിട്ടുണ്ട്. അതായത് 42.14 ശതമാനം പേർക്ക് ഒന്നാം ഡോസും 17.66 ശതമാനം പേർക്ക് രണ്ടാം ഡോസും നൽകിയിട്ടുണ്ട്. ഇത് ദേശീയ ശരാശരിയേക്കാൾ വളരെ കൂടുതലുമാണ്. മാത്രമല്ല, രണ്ടാം ഡോസ് ലഭിച്ചവരുടെ ശതമാനം കണക്കിലെടുത്താൽ ദേശീയ ശരാശരിയുടെ ഇരട്ടിയിലധികമാണെന്ന് കാണാം.

പ്രതിദിനം 5 ലക്ഷം ആളുകൾക്ക് വരെ വാക്സിനേഷൻ നൽകാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. വാക്സിൻ ഡോസുകൾ ആവശ്യമായ തോതിൽ ലഭ്യമായാൽ ഒരു മാസത്തിൽ ഒരു കോടി ആളുകൾക്ക് വാക്സിനേഷൻ നൽകാൻ കഴിയുമെന്ന് കണക്കുകൾ വ്യക്തമാക്കുന്നു. അതിന്റെ അടിസ്ഥാനത്തിൽ ബഹു. മുഖ്യമന്ത്രി കേന്ദ്ര ആരോഗ്യമന്ത്രിക്ക് ആഗസ്റ്റ് 2-ന് അയച്ച കത്തിൽ 60 ലക്ഷം വാക്സിൻ ഡോസുകൾ ഈ മാസം ലഭ്യമാക്കാൻ അഭ്യർത്ഥിച്ചിട്ടുണ്ട്.

**നിയന്ത്രണത്തിനുള്ള നടപടികൾ**

വാക്സിനേഷൻ പൂർത്തിയാകുന്നതുവരെ ജനങ്ങളിൽ രോഗം വ്യാപിക്കാതിരിക്കാനും അതോടൊപ്പം ജനങ്ങളുടെ ജീവസന്ധാരണ പ്രവർത്തനങ്ങൾ നടത്താനും ഉതകുന്നവിധത്തിലുള്ള നടപടികളാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചുവരുന്നത്.

കോവിഡിന്റെ ഒരോ ഘട്ടങ്ങളെയും അതിന്റേതായ ഗൗരവത്തിൽ പരിശോധിച്ച് നിയന്ത്രണങ്ങളും ക്രമീകരണങ്ങളും ഏർപ്പെടുത്തുന്നതിനാണ് സംസ്ഥാന സർക്കാർ ജനങ്ങളുടെ പിന്തുണയോടെ ശ്രമിച്ചിട്ടുള്ളത്. കോവിഡ് 19 മഹാമാരിയുടെ വ്യാപനത്തിന്റെ ഓരോ ഘട്ടത്തിലും വാർഡ് അടിസ്ഥാനത്തിലും മൈക്രോ കണ്ടെയ്ൻമെന്റ് സോണുകൾ രൂപപ്പെടുത്തിയാണ് പ്രതിരോധ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചത്. ഇതിനെ അടിസ്ഥാനപ്പെടുത്തി ആവശ്യമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുകയും സ്ഥിതിഗതികൾ മെച്ചപ്പെടുന്നതിനനുസരിച്ച് ലഘൂകരണം നടത്തുകയും ഇളവുകൾ നൽകുകയും ചെയ്യുന്ന പ്രായോഗിക സമീപനമാണ് സർക്കാർ സ്വീകരിച്ചുവരുന്നത്.

**താരതമ്യം**

വിവിധ ജനവിഭാഗങ്ങളെ വിശ്വാസത്തിൽ എടുത്തുകൊണ്ടും നിയന്ത്രണങ്ങളുടെ പ്രത്യാഘാതങ്ങൾ പരിഗണിച്ചുകൊണ്ട് സമാശ്വാസ പാക്കേജുകൾ പ്രഖ്യാപിച്ച് നടപ്പാക്കിയുമാണ് സർക്കാർ മുന്നോട്ടുപോകുന്നത്. കോവിഡ് വ്യാപനത്തിന്റെ രണ്ടാം തരംഗം കേരളത്തിൽ അൽപ്പം താമസിച്ചാണ് ആരംഭിച്ചത്. കേരളത്തിൽ ഇനിയും 56 ശതമാനത്തോടടുപ്പിച്ച് ആളുകൾക്ക് രോഗം ബാധിച്ചിട്ടില്ലാത്തതിനാൽ നമ്മുടെ ദൈനംദിന രോഗികളുടെ എണ്ണം മറ്റ് സംസ്ഥാനത്തേക്കാൾ ഉയർന്നുനിൽക്കാനുള്ള സാധ്യത ഏറെയാണ്. എന്നാലും മരണനിരക്ക് കുറഞ്ഞ നിലയിൽ നിലനിർത്തുന്ന കാര്യത്തിലും ഓക്സിജൻ, വെന്റിലേറ്റർ എന്നിവ രോഗികൾക്ക് ലഭ്യമാക്കുന്ന കാര്യത്തിലും കേരളം ഇന്നും മെച്ചപ്പെട്ട നിലയിൽ തന്നെയാണ്.

മരണനിരക്ക് നമ്മുടെ സംസ്ഥാനത്തിൽ 0.50 ശതമാനമാണെന്നിരിക്കേ അഖിലേന്ത്യാ ശരാശരി 1.34 ശതമാനമാണ്. രോഗനിർണ്ണയത്തിനും രോഗവ്യാപനത്തോത് അളക്കുന്നതിനും ഏറ്റവും ഫലപ്രദമായ രീതി വ്യാപകമായ ടെസ്റ്റിംഗാണ്. കേരളത്തിലെ ടെസ്റ്റ് പെർ മില്ല്യൺ (ദശലക്ഷത്തിൽ നടത്തുന്ന ടെസ്റ്റുകളുടെ എണ്ണം) 7,93,391 ആണ്. അഖിലേന്ത്യാ ശരാശരി 3,41,517 ആണ്. രോഗചികിത്സ സർക്കാർ സംവിധാനങ്ങളിൽ സൗജന്യമായും സ്വകാര്യ ആശുപത്രികളിൽ നിശ്ചിത നിരക്കിലുമാണ് നൽകിവരുന്നത്. ഇത്തരം മെച്ചപ്പെട്ട സൂചികകൾ ഉള്ളപ്പോഴും നമ്മുടെ ടെസ്റ്റ് പോസിറ്റിവിറ്റി നിരക്ക്

12.45 ശതമാനമാണ്. അഖിലേന്ത്യാതലത്തിൽ ഇത് 6.73 ശതമാനമാണ്. നമ്മുടെ സംസ്ഥാനത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ടെസ്റ്റ് പോസിറ്റിവിറ്റി നിരക്ക് കണക്കാക്കുകയും അതിന്റെ അടിസ്ഥാനത്തിലുമുള്ള നിയന്ത്രണങ്ങൾ ഏർപ്പെടുത്തുകയുമാണ് ചെയ്യുന്നത്.

ജില്ലാ തലങ്ങളിൽ നിന്ന് ലഭിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്ഥിതിഗതികൾ പരിശോധിച്ചാണ് ആവശ്യമായ മാറ്റങ്ങൾ വരുത്തിക്കൊണ്ടിരിക്കുന്നത്. ഇത്തരം മാറ്റങ്ങൾ ശാസ്ത്രീയമായ രീതിയിൽ ആണെന്ന് ഉറപ്പുവരുത്തുന്നതിന് സർക്കാരിനെ സഹായിക്കാൻ ഒരു വിദഗ്ധ സമിതിയും നിലവിലുണ്ട്. ഇത്തരം വിദഗ്ധാഭിപ്രായം കണക്കിലെടുത്തുകൊണ്ടാണ് സർക്കാർ നിയന്ത്രണം ഏർപ്പെടുത്തുന്നതും ഇളവുകൾ നൽകുന്നതും.

**പുതിയ സമീപനം**

സർക്കാരിനുമുന്നിൽ ഉയർന്നുവന്ന ഒരു പൊതുവായ നിർദ്ദേശം ടി.പി.ആറിനൊപ്പം മറ്റൊരു ശാസ്ത്രീയമായ മാനദണ്ഡം കൂടി അവലംബിക്കണമെന്നതാണ്. അതിന്റെ ഭാഗമായി ജനസംഖ്യയിൽ 1000 പേരിൽ എത്രയാൾക്ക് പുതിയതായി രോഗം നിർണ്ണയിക്കപ്പെടുന്നുവെന്ന് പരിഗണിക്കപ്പെടണമെന്നാണ് തീരുമാനിച്ചിട്ടുള്ളത്.

രോഗ വ്യാപനം തടയുന്നതിന് ആൾക്കൂട്ടം നിയന്ത്രിക്കുകയെന്നത് ഏറ്റവും പ്രധാനപ്പെട്ട ഒരു കാര്യമാണ്. ഇക്കാര്യത്തിൽ ആർക്കും ഭിന്നാഭിപ്രായം ഉണ്ടായിട്ടുമില്ല. അതിനാൽ രാഷ്ട്രീയ, സാംസ്കാരിക, സാമൂഹ്യ കൂട്ടായ്മകൾ ഉൾപ്പെടെ ജനങ്ങൾ കൂടുന്ന സംവിധാനങ്ങൾ ഒഴിവാക്കുന്ന രീതി പൊതുവിൽ തുടരേണ്ടതായിട്ടുണ്ട്. ആരാധനാലയങ്ങളിൽ അവയുടെ വിസ്തീർണ്ണം കണക്കാക്കിയാവണം ആളുകൾ പങ്കെടുക്കേണ്ടത്. വലിയ വിസ്തീർണ്ണമുള്ളവയിൽ പരമാവധി 40 പേർക്ക് പങ്കെടുക്കാം. കല്യാണങ്ങളിലും മരണാനന്തര ചടങ്ങുകളിലും പരമാവധി 20 പേർക്ക് പങ്കെടുക്കാവുന്നതുമാണ്.

ഇന്നത്തെ പൊതു സാഹചര്യവും വാക്സിനേഷന്റെ പുരോഗതിയും കണക്കിലെടുത്ത് വ്യാപാരസ്ഥാപനങ്ങൾക്ക് ഒരു പ്രദേശത്തെ ജനസംഖ്യയുടെ 1000 പേരിൽ പത്തിൽ കൂടുതൽ രോഗികൾ ഒരാഴ്ച ഉണ്ടായാൽ ട്രിപ്പിൾ ലോക്ക്ഡൗണും, മറ്റുള്ളയിടങ്ങളിൽ ആഴ്ചയിൽ 6 ദിവസം പ്രവർത്തിക്കാൻ അനുമതിയും നൽകാനാവും. സ്വാതന്ത്ര്യദിനം പ്രമാണിച്ച് ഞായറാഴ്ചയും പ്രവർത്തിക്കുന്നതാണ്. ഓണത്തിന്റെ തിരക്ക് കൂടി കണക്കിലെടുത്ത് 22-ാം തീയ്യതി ഞായറാഴ്ചയും ലോക്ക്ഡൗൺ നിയന്ത്രണങ്ങൾ ഒഴിവാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

ഉത്സവകാലമായതുകൊണ്ട് തന്നെ സാമൂഹ്യ അകലം പാലിക്കുന്നതിനുള്ള നടപടികൾ ആൾക്കൂട്ടം വരാനിടയുള്ള വ്യാപാരസ്ഥാപനങ്ങൾ എടുക്കേണ്ടതാണ്. ഇതിന് പ്രത്യേകമായ സംവിധാനം അത്തരം വ്യാപാര സ്ഥാപനങ്ങൾ എടുക്കേണ്ടതാണ്. ആൾക്കൂട്ടം ഒഴിവാക്കുന്നതിന് ഹോം ഡെലിവറി സൗകര്യം കഴിയാവുന്നത്ര ഇടങ്ങളിൽ വിപുലീകരിക്കണം. പോലീസും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ഇക്കാര്യത്തിൽ മേൽനോട്ടം വഹിക്കുകയും ആവശ്യമായ പരിശോധന നടത്തുകയും ചെയ്യുന്നതാണ്. കടകളുടെ പ്രവർത്തന സമയം രാവിലെ 7 മുതൽ രാത്രി 9 മണി വരെ അനുവദിക്കാവുന്നതാണ്. സാമൂഹിക അകലം പാലിക്കുന്നതിനായി 25 ചതുരശ്ര അടിയിൽ ഒരാൾ എന്ന നിലയിൽ ആയിരിക്കണം പ്രവേശനം. ഇത് സംബന്ധിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും പോലീസും വ്യാപാരികളുമായി ചേർന്ന് യോഗങ്ങൾ നടത്തും.

കടകൾ സന്ദർശിക്കുന്നവർ ആദ്യഡോസ് വാക്സിനേഷൻ എങ്കിലും എടുത്തവരോ, 72 മണിക്കൂറിനുള്ളിൽ ആർ.ടി.പി.സി.ആർ. നെഗറ്റീവ് ഫലം ലഭിച്ചവരോ ഒരു മാസത്തിനുള്ളിൽ കോവിഡ് ബാധിച്ച് രോഗമുക്തി നേടിയവരോ ആകുന്നതായിരിക്കും അഭികാമ്യം. ഇതോടൊപ്പം അത്യാവശ്യ സാഹചര്യങ്ങളിൽ പുറത്തിറങ്ങുന്നതിനുള്ള അനുമതിയും നൽകാനാണ് ഉദ്ദേശിക്കുന്നത്.

വാക്സിനേഷൻ കേന്ദ്രങ്ങളിൽ ആൾക്കൂട്ടം ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിക്കും. സാമൂഹ്യപ്രതിരോധശേഷി വർദ്ധിപ്പിക്കാൻ 60 വയസ്സിന് മുകളിൽ പ്രായമുള്ള സംസ്ഥാനത്തെ മുഴുവൻ ആളുകൾക്കും വാക്സിൻ ലഭ്യത അനുസരിച്ച് ഒരു നിശ്ചിത തീയതിക്കുള്ളിൽ വാക്സിനേഷൻ നൽകും. കിടപ്പ് രോഗികൾക്ക് എല്ലാവർക്കും സമയബന്ധിതമായി വീടുകളിൽ ചെന്ന് വാക്സിനേഷൻ നടത്തുന്നതിനുള്ള സൗകര്യങ്ങളും ഒരുക്കും. ആരോഗ്യ വകുപ്പിന്റെ കൃത്യമായ മേൽനോട്ടത്തിൽ ഇത് നടപ്പാക്കുകയും ചെയ്യും. സ്വകാര്യ ആശുപത്രികൾവഴി വാക്സിനേഷൻ നടത്തുന്നതിന് സ്ഥലസൗകര്യങ്ങൾ ഉൾപ്പെടെ നൽകി പ്രോത്സാഹിപ്പിക്കുന്ന നടപടി സർക്കാർ സ്വീകരിക്കും.

കോവിഡ് രണ്ടാം തരംഗം ഉയർത്തുന്ന വെല്ലുവിളിയും പൊതുസമൂഹത്തിന്റെ സഹകരണത്തോടെ തന്നെ നേരിടാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. മൂന്നാം തരംഗത്തിന്റെ ആശങ്കയും നിലനിൽക്കുന്നുണ്ട്. അതിനു മുമ്പ് തന്നെ വാക്സിനേഷൻ കഴിയുന്നത്ര പൂർത്തീകരിക്കുന്നതിനുള്ള നടപടിയാണ് സർക്കാർ ലക്ഷ്യംവയ്ക്കുന്നത്. അതിന്റെ ഭാഗമായി പരമാവധി ആളുകൾക്ക് വാക്സിനേഷൻ ലഭ്യമാക്കി സാമൂഹ്യ പ്രതിരോധ ശേഷി കെട്ടിപ്പടുക്കുന്നതിലൂടെ കോവിഡ് മഹാമാരിയുടെ വ്യാപനം നമുക്ക് ഫലപ്രദമായി തടയാൻ കഴിയും. "

സ്പീക്കറുടെ അറിയിപ്പ്:

2021 ജൂലൈ 29-ാം തീയതി സഭ അംഗീകരിച്ച കാര്യോപദേശക സമിതിയുടെ രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിൽ സഭയുടെ അനുമതിയോടെ ഭാഗികമായി ഭേദഗതി വരുത്തിക്കൊണ്ട് 2021 ആഗസ്റ്റ് 5-ാം തീയതി, വ്യാഴാഴ്ച സഭ പരിഗണിക്കാനിരുന്ന XXXI—മൃഗസംരക്ഷണം, XXXII—ക്ഷീരവികസനം എന്നീ ധനാഭ്യർത്ഥനകളെ സംബന്ധിച്ച ചർച്ചയും വോട്ടെടുപ്പും 2021 ആഗസ്റ്റ് 10-ാം തീയതി ചൊവ്വാഴ്ചയിലേക്ക് മാറ്റിയിരിക്കുന്നതായി സ്പീക്കർ അറിയിച്ചു.

ധനകാര്യം :

## 2021-2022 സാമ്പത്തിക വർഷത്തേയ്ക്കുള്ള പുതുക്കിയ ബജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ നേരെ ധനാഭ്യർത്ഥനകളുടെ ലിസ്റ്റിലെ 9-ാം കോളത്തിൽ സൂചിപ്പിച്ചിട്ടുള്ള തുക അനുവദിക്കണമെന്ന പ്രമേയം സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി ശ്രീ. വി. എൻ. വാസവനും, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ നേരെ ധനാഭ്യർത്ഥനകളുടെ ലിസ്റ്റിലെ 9-ാം കോളത്തിൽ സൂചിപ്പിച്ചിട്ടുള്ള തുക അനുവദിക്കണമെന്ന പ്രമേയം വനം-വന്യജീവി വകുപ്പുമന്ത്രി ശ്രീ. എ. കെ. ശശീന്ദ്രനും അവതരിപ്പിച്ചു.

പ്രസ്തുത ധനാഭ്യർത്ഥനകളെ സംബന്ധിച്ച് ചട്ടം 236 (3) പ്രകാരമുള്ള പ്രസ്താവനകൾ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ മേശപ്പുറത്തുവച്ചു.

XXVII-ാം നമ്പർ ധനാഭ്യർത്ഥന സംബന്ധിച്ച ഖണ്ഡനോപക്ഷേപങ്ങളുടെ ലിസ്റ്റിലെ 1, 5, 6, 7, 8, 9, 11, 12, 13, 15, 16, 17, 18, 19, 20, 21, 22, 23, 24, 25, 26, 27, 31, 32, 33, 34, 37 എന്നീ ഖണ്ഡനോപക്ഷേപങ്ങളും, XXXIV-ാം നമ്പർ ധനാഭ്യർത്ഥന സംബന്ധിച്ച ഖണ്ഡനോപക്ഷേപങ്ങളുടെ ലിസ്റ്റിലെ 2, 3, 4, 5, 6, 9, 10, 12, 14, 15, 16, 17, 18, 19, 20, 21, 23, 24, 25, 26, 27, 28, 29, 30, 31, 32, 33, 34, 35, 36 എന്നീ ഖണ്ഡനോപക്ഷേപങ്ങളും അവതരിപ്പിച്ചു

താഴെപ്പറയുന്ന അംഗങ്ങൾ ചർച്ചയിൽ പങ്കെടുത്തു:

ശ്രീ. സി. കെ. ഹരീന്ദ്രൻ

ശ്രീ. സനീഷ്കുമാർ ജോസഫ്

ശ്രീ. പി. എസ്. സുപാൽ

ശ്രീ. പി. അബ്ദുൽ ഹമീദ്

ശ്രീ. ആന്റണി ജോൺ

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ

ശ്രീ. എ. പ്രഭാകരൻ

ശ്രീ. കെ. യു. ജനീഷ് കുമാർ

ശ്രീ. കെ. പി. മോഹനൻ

ശ്രീ. ലിന്റോ ജോസഫ്

ശ്രീ. സജീവ് ജോസഫ്

ശ്രീ. ഒ. ആർ. കേളു

ശ്രീ. യു. എ. ലത്തീഫ്

ശ്രീ. ഇ. കെ. വിജയൻ

ശ്രീ. വി. ജോയി

ശ്രീ. സണ്ണി ജോസഫ്.

ചർച്ചയിൽ ഉന്നയിക്കപ്പെട്ട കാര്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി ശ്രീ. വി. എൻ. വാസവനും വനം-വന്യജീവി വകുപ്പുമന്ത്രി ശ്രീ. എ. കെ. ശശീന്ദ്രനും മറുപടി നൽകി. അവതരിപ്പിച്ചിരുന്ന ഖണ്ഡനോപക്ഷേപങ്ങൾ സഭ തള്ളി. തുടർന്ന് ധനാഭ്യർത്ഥനകൾ XXVII, XXXIV എന്നിവ വോട്ടിനിട്ട് പാസ്സാക്കി.

2021 ആഗസ്റ്റ് 5-ാം തീയതി വ്യാഴാഴ്ച രാവിലെ 9.00-ന് വീണ്ടും സമ്മേളിക്കുന്നതിനായി വൈകുന്നേരം 4.01 - ന് സഭ പിരിഞ്ഞു.

എസ്. വി. ഉണ്ണികൃഷ്ണൻ നായർ,

*സെക്രട്ടറി.*

# FIFTEENTH KERALA LEGISLATIVE ASSEMBLY

## Second Session

# BULLETIN—PART I

(Brief Record of Proceedings)

*Wednesday, August 4, 2021*

**No. 22**

The Assembly met at 9.00 a.m. with Mr. Speaker in the Chair.

*Questions:*

Four Questions in the list of Questions posted for the day were answered orally.

*Adjournment Motion:*

After hearing the Minister for Co-operation and Registration, the Speaker withheld consent to the moving of an adjourment motion given notice of by Shri Thiruvanchoor Radhakrishanan and five other Members to the serious situation reported to have arisen consequent to the suicide of twin brothers named Nizar Khan and Nazeer Khan following the recovery measures initiated by the officials of the Manipuzha Branch of the Kottayam Urban Co-operative Bank after the default of Home Loan repayment.

(As a mark of protest against the attitude of the Government the Members belonging to the opposition staged a walkout)

*Calling Attention :*

1. Shri V. R. Sunil Kumar called the attention of the Minister for Fisheries, Culture and Youth Affairs to the necessity to the precarious situations to be created in the fisheries sector of the State due to the Blue Economy Policy of the Central Government. The Minister made a statement thereto.
2. Shri Anoop Jacob called the attention of the Minister for Health and Woman and Child Development to the necessity to take steps to address the miserable conditions of mental health centres in the State and to formulate a plan to rehabilitate those who have recovered from disease. The Minister made a statement thereto.

KNPP. 1227/2021(ii).

*The Matters under Rule 304:*

The matters raised in the House by the Members under Rule 304 are listed below:

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | ശ്രീ. കെ. പി. എ. മജീദ് | പരപ്പനങ്ങാടി കോടതി സമുച്ചയ നിർമ്മാണം | മുഖ്യമന്ത്രി |
| 2 | ശ്രീ. വാഴൂർ സോമൻ | മുല്ലപ്പെരിയാറിൽ പുതിയ ഡാം നിർമ്മാണം | ജലവിഭവ വകുപ്പുമന്ത്രി |
| 3 | ശ്രീ. വി. ജോയി | ഇടവ, പുന്നമൂട് റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണം | പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി |
| 4 | ഡോ. മാത്യു കുഴൽനാടൻ | മൂവാറ്റുപുഴ-ഊത്താട്ടുകുളം റോഡ് വികസനം | പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി |
| 5 | ശ്രീ. കെ. കെ. രാമചന്ദ്രൻ | പുതുക്കാട് ജംഗ്ഷനിലെ അടിപ്പാത നിർമ്മാണം | പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി |
| 6 | പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | പുത്തൂർ-ചെനക്കൽ ബൈപ്പാസ് | പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി |
| 7 | ശ്രീ. സനീഷ്കുമാർ ജോസഫ് | ചാലക്കുടി നഗരസഭാ ജംഗ്ഷനിലെ അടിപ്പാത നിർമ്മാണം | പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി |
| 8 | ശ്രീ. ഒ. ആർ. കേളു | കേരള ചിക്കൻ പദ്ധതി | മൃഗസംരക്ഷണവും ക്ഷീരവികസനവും വകുപ്പുമന്ത്രി |
| 9 | ശ്രീ. ജോബ് മൈക്കിൾ | ചങ്ങനാശ്ശേരി കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷന് പുതിയ കെട്ടിട നിർമ്മാണം | ഗതാഗത വകുപ്പുമന്ത്രി |
| 10 | ശ്രീ. ജി. സ്റ്റീഫൻ | ജി. വി. രാജ സ്പോർട്സ് സ്കൂളിന്റെ അടിസ്ഥാന സൗകര്യ വികസനം | കായികവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി |

The Ministers concerned made statements on the respective subjects.

*Papers laid on the table :*

Papers as per Rule 236 (5)

| സബ്ജക്ട് കമ്മിറ്റി | കാലതാമസപത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| XIV—ആഭ്യന്തരകാര്യങ്ങൾ | 2020-21 | 5 | 52 |
| VI—വിദ്യാഭ്യാസം | 2018-19 | 3 | 58 |
| IX—തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും | 2017-18 | 2 | 10 |
| I—കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും | 2017-18 | 2 | 58 |

*Consideration of Amendments to Rules :*

DR. Mathew Kuzhalnadan moved amendments to the Kerala Police Rules, 2020 issued in G. O. (P) No. 18/2020/Home dated 16-4-2020 (S.R.O. No. 275/2020). As authorised by the Chief Minister, Minister for Law, Industries and Coir replied to the points raised. After the reply by the Minister for Law, Industries and Coir the following amendment was adopted and rest of the amendments were withdrawn by the leave of the House:

"ചട്ടം 5-ൽ വ്യവസ്ഥ ചെയ്യുന്ന ഫാറം 2-ന്റെ പട്ടികയിൽ വില്പന സംബന്ധിച്ച നിബന്ധനകൾ എന്ന ശീർഷകത്തിൻ കീഴിലെ ഇനം 1-ൽ '13-ാം വകുപ്പ് പ്രകാരം ' എന്നത് മാറ്റി '113-ാം വകുപ്പ് പ്രകാരം ' എന്ന് ചേർക്കുക"

*Statement Under Rule 300 :*

Smt. Veena George, Minister for Health and Woman and Child Development made the following statement under Rule 300, regarding the control measures and further steps to deal with the second wave of Covid pandemic.

"കോവിഡ് 19 മഹാമാരി ലോകത്താകമാനം ആരോഗ്യ-സാമൂഹിക-സാമ്പത്തിക മേഖലകളിൽ വലിയ പ്രത്യാഘാതങ്ങളാണ് സൃഷ്ടിച്ചിട്ടുള്ളത്. കേരളത്തിൽ അതിശക്തമായ പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി രോഗവ്യാപന തീവ്രത കുറച്ച് നിർത്തുന്നതിനാണ്

തുടക്കം മുതൽ നാം ശ്രമിച്ചു പോരുന്നത്. ജനസാന്ദ്രതയിൽ, ദേശീയ ശരാശരിയുടെ ഇരട്ടിയുള്ള ജീവിത ശൈലീ രോഗങ്ങളുള്ള കേരളത്തിൽ മാസ്ക് ധരിച്ചും സാമൂഹിക അകലം പാലിച്ചും, ടെസ്റ്റുകൾ നടത്തിയും സമ്പർക്കപ്പട്ടിക തയ്യാറാക്കി നിരീക്ഷിച്ചുമുള്ള ഇടപെടലുകളിലൂടെ രോഗനിയന്ത്രണത്തിന് നമ്മൾ നടത്തിയ ശ്രമങ്ങൾ വിജയകരമാണ് എന്നാണ് ഐ.സി.എം.ആറിന്റെ സീറോ പ്രിവലൻസ് സ്റ്റഡി വ്യക്തമാക്കുന്നത്. കേരളത്തിൽ ജനസംഖ്യയുടെ പകുതിയിൽ അധികം പേരും രോഗം വരാത്തവരും പ്രതിരോധ പ്രവർത്തനങ്ങളിലൂടെ കൊറോണ വൈറസിൽ നിന്ന് സംരക്ഷിതരുമാണ്. കേരളത്തിലെ ജനങ്ങൾ പൂർണ്ണതോതിൽ നൽകുന്ന സഹകരണവും പിന്തുണയുമാണ് മികച്ച രീതിയിൽ കോവിഡിനെ പ്രതിരോധിക്കുന്നതിന് സഹായിക്കുന്നത്.

**വാക്സിനേഷനുള്ള നടപടികൾ**

മുഴുവൻ ജനങ്ങൾക്കും കുറഞ്ഞ സമയത്തിനുള്ളിൽ വാക്സിൻ നൽകുക എന്നതാണ് കേരളത്തിന്റെ ലക്ഷ്യം. എന്നാൽ കേന്ദ്ര സർക്കാർ നൽകുന്ന വാക്സിന്റെ ലഭ്യതയെ ആശ്രയിച്ചാണ് ഇതുള്ളത്. വാക്സിൻ ഉറപ്പുവരുത്തിക്കൊണ്ടുമാത്രമേ ഈ രോഗത്തെ പ്രതിരോധിക്കാനാവുവെന്ന് വ്യക്തമായിക്കഴിഞ്ഞിട്ടുണ്ട്. അതുകൊണ്ട് തന്നെ കഴിയാവുന്നത്ര ജനങ്ങൾക്കിടയിൽ വാക്സിനേഷൻ നടത്തുന്നതിനുള്ള നടപടികളാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചുവരുന്നത്. സംസ്ഥാനത്ത് ഇതുവരെ 1,47,90,596 പേർക്ക് ഒന്നാം ഡോസും 62,01,105 പേർക്ക് രണ്ടാം ഡോസും നൽകിട്ടുണ്ട്. അതായത് 2,09,91,701 ഡോസ് വാക്സിൻ നൽകിക്കഴിഞ്ഞിട്ടുണ്ട്. അതായത് 42.14 ശതമാനം പേർക്ക് ഒന്നാം ഡോസും 17.66 ശതമാനം പേർക്ക് രണ്ടാം ഡോസും നൽകിയിട്ടുണ്ട്. ഇത് ദേശീയ ശരാശരിയേക്കാൾ വളരെ കൂടുതലുമാണ്. മാത്രമല്ല, രണ്ടാം ഡോസ് ലഭിച്ചവരുടെ ശതമാനം കണക്കിലെടുത്താൽ ദേശീയ ശരാശരിയുടെ ഇരട്ടിയിലധികമാണെന്ന് കാണാം.

പ്രതിദിനം 5 ലക്ഷം ആളുകൾക്ക് വരെ വാക്സിനേഷൻ നൽകാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. വാക്സിൻ ഡോസുകൾ ആവശ്യമായ തോതിൽ ലഭ്യമായാൽ ഒരു മാസത്തിൽ ഒരു കോടി ആളുകൾക്ക് വാക്സിനേഷൻ നൽകാൻ കഴിയുമെന്ന് കണക്കുകൾ വ്യക്തമാക്കുന്നു. അതിന്റെ അടിസ്ഥാനത്തിൽ ബഹു. മുഖ്യമന്ത്രി കേന്ദ്ര ആരോഗ്യമന്ത്രിക്ക് ആഗസ്റ്റ് 2-ന് അയച്ച കത്തിൽ 60 ലക്ഷം വാക്സിൻ ഡോസുകൾ ഈ മാസം ലഭ്യമാക്കാൻ അഭ്യർത്ഥിച്ചിട്ടുണ്ട്.

**നിയന്ത്രണത്തിനുള്ള നടപടികൾ**

വാക്സിനേഷൻ പൂർത്തിയാകുന്നതുവരെ ജനങ്ങളിൽ രോഗം വ്യാപിക്കാതിരിക്കാനും അതോടൊപ്പം ജനങ്ങളുടെ ജീവസന്ധാരണ പ്രവർത്തനങ്ങൾ നടത്താനും ഉതകുന്നവിധത്തിലുള്ള നടപടികളാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചുവരുന്നത്.

കോവിഡിന്റെ ഒരോ ഘട്ടങ്ങളെയും അതിന്റേതായ ഗൗരവത്തിൽ പരിശോധിച്ച് നിയന്ത്രണങ്ങളും ക്രമീകരണങ്ങളും ഏർപ്പെടുത്തുന്നതിനാണ് സംസ്ഥാന സർക്കാർ ജനങ്ങളുടെ പിന്തുണയോടെ ശ്രമിച്ചിട്ടുള്ളത്. കോവിഡ് 19 മഹാമാരിയുടെ വ്യാപനത്തിന്റെ ഓരോ ഘട്ടത്തിലും വാർഡ് അടിസ്ഥാനത്തിലും മൈക്രോ കണ്ടെയ്ൻമെന്റ് സോണുകൾ രൂപപ്പെടുത്തിയാണ് പ്രതിരോധ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചത്. ഇതിനെ അടിസ്ഥാനപ്പെടുത്തി ആവശ്യമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുകയും സ്ഥിതിഗതികൾ മെച്ചപ്പെടുന്നതിനനുസരിച്ച് ലഘൂകരണം നടത്തുകയും ഇളവുകൾ നൽകുകയും ചെയ്യുന്ന പ്രായോഗിക സമീപനമാണ് സർക്കാർ സ്വീകരിച്ചുവരുന്നത്.

**താരതമ്യം**

വിവിധ ജനവിഭാഗങ്ങളെ വിശ്വാസത്തിൽ എടുത്തുകൊണ്ടും നിയന്ത്രണങ്ങളുടെ പ്രത്യാഘാതങ്ങൾ പരിഗണിച്ചുകൊണ്ട് സമാശ്വാസ പാക്കേജുകൾ പ്രഖ്യാപിച്ച് നടപ്പാക്കിയുമാണ് സർക്കാർ മുന്നോട്ടുപോകുന്നത്. കോവിഡ് വ്യാപനത്തിന്റെ രണ്ടാം തരംഗം കേരളത്തിൽ അൽപ്പം താമസിച്ചാണ് ആരംഭിച്ചത്. കേരളത്തിൽ ഇനിയും 56 ശതമാനത്തോടടുപ്പിച്ച് ആളുകൾക്ക് രോഗം ബാധിച്ചിട്ടില്ലാത്തതിനാൽ നമ്മുടെ ദൈനംദിന രോഗികളുടെ എണ്ണം മറ്റ് സംസ്ഥാനത്തേക്കാൾ ഉയർന്നുനിൽക്കാനുള്ള സാധ്യത ഏറെയാണ്. എന്നാലും മരണനിരക്ക് കുറഞ്ഞ നിലയിൽ നിലനിർത്തുന്ന കാര്യത്തിലും ഓക്സിജൻ, വെന്റിലേറ്റർ എന്നിവ രോഗികൾക്ക് ലഭ്യമാക്കുന്ന കാര്യത്തിലും കേരളം ഇന്നും മെച്ചപ്പെട്ട നിലയിൽ തന്നെയാണ്.

മരണനിരക്ക് നമ്മുടെ സംസ്ഥാനത്തിൽ 0.50 ശതമാനമാണെന്നിരിക്കേ അഖിലേന്ത്യാ ശരാശരി 1.34 ശതമാനമാണ്. രോഗനിർണ്ണയത്തിനും രോഗവ്യാപനത്തോത് അളക്കുന്നതിനും ഏറ്റവും ഫലപ്രദമായ രീതി വ്യാപകമായ ടെസ്റ്റിംഗാണ്. കേരളത്തിലെ ടെസ്റ്റ് പെർ മില്ല്യൺ (ദശലക്ഷത്തിൽ നടത്തുന്ന ടെസ്റ്റുകളുടെ എണ്ണം) 7,93,391 ആണ്. അഖിലേന്ത്യാ ശരാശരി 3,41,517 ആണ്. രോഗചികിത്സ സർക്കാർ സംവിധാനങ്ങളിൽ സൗജന്യമായും സ്വകാര്യ ആശുപത്രികളിൽ നിശ്ചിത നിരക്കിലുമാണ് നൽകിവരുന്നത്. ഇത്തരം മെച്ചപ്പെട്ട സൂചികകൾ ഉള്ളപ്പോഴും നമ്മുടെ ടെസ്റ്റ് പോസിറ്റിവിറ്റി നിരക്ക്

12.45 ശതമാനമാണ്. അഖിലേന്ത്യാതലത്തിൽ ഇത് 6.73 ശതമാനമാണ്. നമ്മുടെ സംസ്ഥാനത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ടെസ്റ്റ് പോസിറ്റിവിറ്റി നിരക്ക് കണക്കാക്കുകയും അതിന്റെ അടിസ്ഥാനത്തിലുമുള്ള നിയന്ത്രണങ്ങൾ ഏർപ്പെടുത്തുകയുമാണ് ചെയ്യുന്നത്.

ജില്ലാ തലങ്ങളിൽ നിന്ന് ലഭിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്ഥിതിഗതികൾ പരിശോധിച്ചാണ് ആവശ്യമായ മാറ്റങ്ങൾ വരുത്തിക്കൊണ്ടിരിക്കുന്നത്. ഇത്തരം മാറ്റങ്ങൾ ശാസ്ത്രീയമായ രീതിയിൽ ആണെന്ന് ഉറപ്പുവരുത്തുന്നതിന് സർക്കാരിനെ സഹായിക്കാൻ ഒരു വിദഗ്ധ സമിതിയും നിലവിലുണ്ട്. ഇത്തരം വിദഗ്ധാഭിപ്രായം കണക്കിലെടുത്തുകൊണ്ടാണ് സർക്കാർ നിയന്ത്രണം ഏർപ്പെടുത്തുന്നതും ഇളവുകൾ നൽകുന്നതും.

**പുതിയ സമീപനം**

സർക്കാരിനുമുന്നിൽ ഉയർന്നുവന്ന ഒരു പൊതുവായ നിർദ്ദേശം ടി.പി.ആറിനൊപ്പം മറ്റൊരു ശാസ്ത്രീയമായ മാനദണ്ഡം കൂടി അവലംബിക്കണമെന്നതാണ്. അതിന്റെ ഭാഗമായി ജനസംഖ്യയിൽ 1000 പേരിൽ എത്രയാൾക്ക് പുതിയതായി രോഗം നിർണ്ണയിക്കപ്പെടുന്നുവെന്ന് പരിഗണിക്കപ്പെടണമെന്നാണ് തീരുമാനിച്ചിട്ടുള്ളത്.

രോഗ വ്യാപനം തടയുന്നതിന് ആൾക്കൂട്ടം നിയന്ത്രിക്കുകയെന്നത് ഏറ്റവും പ്രധാനപ്പെട്ട ഒരു കാര്യമാണ്. ഇക്കാര്യത്തിൽ ആർക്കും ഭിന്നാഭിപ്രായം ഉണ്ടായിട്ടുമില്ല. അതിനാൽ രാഷ്ട്രീയ, സാംസ്കാരിക, സാമൂഹ്യ കൂട്ടായ്മകൾ ഉൾപ്പെടെ ജനങ്ങൾ കൂടുന്ന സംവിധാനങ്ങൾ ഒഴിവാക്കുന്ന രീതി പൊതുവിൽ തുടരേണ്ടതായിട്ടുണ്ട്. ആരാധനാലയങ്ങളിൽ അവയുടെ വിസ്തീർണ്ണം കണക്കാക്കിയാവണം ആളുകൾ പങ്കെടുക്കേണ്ടത്. വലിയ വിസ്തീർണ്ണമുള്ളവയിൽ പരമാവധി 40 പേർക്ക് പങ്കെടുക്കാം. കല്യാണങ്ങളിലും മരണാനന്തര ചടങ്ങുകളിലും പരമാവധി 20 പേർക്ക് പങ്കെടുക്കാവുന്നതുമാണ്.

ഇന്നത്തെ പൊതു സാഹചര്യവും വാക്സിനേഷന്റെ പുരോഗതിയും കണക്കിലെടുത്ത് വ്യാപാരസ്ഥാപനങ്ങൾക്ക് ഒരു പ്രദേശത്തെ ജനസംഖ്യയുടെ 1000 പേരിൽ പത്തിൽ കൂടുതൽ രോഗികൾ ഒരാഴ്ച ഉണ്ടായാൽ ട്രിപ്പിൾ ലോക്ക്ഡൗണും, മറ്റുള്ളയിടങ്ങളിൽ ആഴ്ചയിൽ 6 ദിവസം പ്രവർത്തിക്കാൻ അനുമതിയും നൽകാനാവും. സ്വാതന്ത്ര്യദിനം പ്രമാണിച്ച് ഞായറാഴ്ചയും പ്രവർത്തിക്കുന്നതാണ്. ഓണത്തിന്റെ തിരക്ക് കൂടി കണക്കിലെടുത്ത് 22-ാം തീയതി ഞായറാഴ്ചയും ലോക്ക്ഡൗൺ നിയന്ത്രണങ്ങൾ ഒഴിവാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

ഉത്സവകാലമായതുകൊണ്ട് തന്നെ സാമൂഹ്യ അകലം പാലിക്കുന്നതിനുള്ള നടപടികൾ ആൾക്കൂട്ടം വരാനിടയുള്ള വ്യാപാരസ്ഥാപനങ്ങൾ എടുക്കേണ്ടതാണ്. ഇതിന് പ്രത്യേകമായ സംവിധാനം അത്തരം വ്യാപാര സ്ഥാപനങ്ങൾ എടുക്കേണ്ടതാണ്. ആൾക്കൂട്ടം ഒഴിവാക്കുന്നതിന് ഹോം ഡെലിവറി സൗകര്യം കഴിയാവുന്നത്ര ഇടങ്ങളിൽ വിപുലീകരിക്കണം. പോലീസും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ഇക്കാര്യത്തിൽ മേൽനോട്ടം വഹിക്കുകയും ആവശ്യമായ പരിശോധന നടത്തുകയും ചെയ്യുന്നതാണ്. കടകളുടെ പ്രവർത്തന സമയം രാവിലെ 7 മുതൽ രാത്രി 9 മണി വരെ അനുവദിക്കാവുന്നതാണ്. സാമൂഹിക അകലം പാലിക്കുന്നതിനായി 25 ചതുരശ്ര അടിയിൽ ഒരാൾ എന്ന നിലയിൽ ആയിരിക്കണം പ്രവേശനം. ഇത് സംബന്ധിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും പോലീസും വ്യാപാരികളുമായി ചേർന്ന് യോഗങ്ങൾ നടത്തും.

കടകൾ സന്ദർശിക്കുന്നവർ ആദ്യഡോസ് വാക്സിനേഷൻ എങ്കിലും എടുത്തവരോ, 72 മണിക്കൂറിനുള്ളിൽ ആർ.ടി.പി.സി.ആർ. നെഗറ്റീവ് ഫലം ലഭിച്ചവരോ ഒരു മാസത്തിനുള്ളിൽ കോവിഡ് ബാധിച്ച് രോഗമുക്തി നേടിയവരോ ആകുന്നതായിരിക്കും അഭികാമ്യം. ഇതോടൊപ്പം അത്യാവശ്യ സാഹചര്യങ്ങളിൽ പുറത്തിറങ്ങുന്നതിനുള്ള അനുമതിയും നൽകാനാണ് ഉദ്ദേശിക്കുന്നത്.

വാക്സിനേഷൻ കേന്ദ്രങ്ങളിൽ ആൾക്കൂട്ടം ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിക്കും. സാമൂഹ്യപ്രതിരോധശേഷി വർദ്ധിപ്പിക്കാൻ 60 വയസ്സിന് മുകളിൽ പ്രായമുള്ള സംസ്ഥാനത്തെ മുഴുവൻ ആളുകൾക്കും വാക്സിൻ ലഭ്യത അനുസരിച്ച് ഒരു നിശ്ചിത തീയതിക്കുള്ളിൽ വാക്സിനേഷൻ നൽകും. കിടപ്പ് രോഗികൾക്ക് എല്ലാവർക്കും സമയബന്ധിതമായി വീടുകളിൽ ചെന്ന് വാക്സിനേഷൻ നടത്തുന്നതിനുള്ള സൗകര്യങ്ങളും ഒരുക്കും. ആരോഗ്യ വകുപ്പിന്റെ കൃത്യമായ മേൽനോട്ടത്തിൽ ഇത് നടപ്പാക്കുകയും ചെയ്യും. സ്വകാര്യ ആശുപത്രികൾവഴി വാക്സിനേഷൻ നടത്തുന്നതിന് സ്ഥലസൗകര്യങ്ങൾ ഉൾപ്പെടെ നൽകി പ്രോത്സാഹിപ്പിക്കുന്ന നടപടി സർക്കാർ സ്വീകരിക്കും.

കോവിഡ് രണ്ടാം തരംഗം ഉയർത്തുന്ന വെല്ലുവിളിയും പൊതുസമൂഹത്തിന്റെ സഹകരണത്തോടെ തന്നെ നേരിടാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. മൂന്നാം തരംഗത്തിന്റെ ആശങ്കയും നിലനിൽക്കുന്നുണ്ട്. അതിനു മുമ്പ് തന്നെ വാക്സിനേഷൻ കഴിയുന്നത്ര പൂർത്തീകരിക്കുന്നതിനുള്ള നടപടിയാണ് സർക്കാർ ലക്ഷ്യംവയ്ക്കുന്നത്. അതിന്റെ ഭാഗമായി പരമാവധി ആളുകൾക്ക് വാക്സിനേഷൻ ലഭ്യമാക്കി സാമൂഹ്യ പ്രതിരോധശേഷി കെട്ടിപ്പടുക്കുന്നതിലൂടെ കോവിഡ് മഹാമാരിയുടെ വ്യാപനം നമുക്ക് ഫലപ്രദമായി തടയാൻ കഴിയും. "

*Announcement by the Speaker :*

The Speaker informed the House that in partial modification of the recommendation of the Second Report of the Business Advisory Committee Report adopted on 29th July 2021 and with the consent of the House, the Motion for Demand No. 31—Animal Husbandry and Demand No. 32—Dairy scheduled to be moved on August 5, 2021 has been postponed to be moved on August 10, 2021.

*Financial Business :*

Discussion and Voting on Demands for Grants in the Revised Budget for the financial year 2021-2022

Shri V. N. Vasavan, Minister for Co-operation and Registration moved Demand No. XXVII—Co-operation and Shri A. K. Saseendran, Minister for Forest and Wildlife moved Demand No. XXXIV—Forest for the amounts shown respectively against them under column No. 9 in the list of Demands for Grants.

Shri K. N. Balagopal, Minister for Finance laid on the table statements under Rule 236 (3) relating to Demands Nos. XXVII and XXXIV.

The cut motion Nos. 1, 5, 6, 7, 8, 9, 11, 12, 13, 15, 16, 17, 18, 19, 20, 21, 22, 23, 24, 25, 26, 27, 31, 32, 33, 34, 37 in the list of cut motions for Demand No. XXVII and cut motion Nos. 2, 3, 4, 5, 6, 9, 10, 12, 14, 15, 16, 17, 18, 19, 20, 21, 23, 24, 25, 26, 27, 28, 29, 30, 31, 32, 33, 34, 35, 36 in the list of cut motions for Demand No. XXXIV were moved.

The following members took part in the discussion:

Shri C. K. Hareendran

Shri Saneeshkumar Joseph

Shri P. S. Supal

Shri P. Abdul Hameed

Shri Antony John

Shri Sebastian Kulathunkal

Shri A. Prabhakaran

Shri K. U. Jenish Kumar

Shri K. P. Mohanan

Shri Linto Joseph

Shri Sajeev Joseph

Shri O. R. Kelu

Shri U. A. Lathif

Shri E. K. Vijayan

Shri V. Joy

Shri Sunny Joseph.

Shri V. N. Vasavan, Minister for Co-operation and Registration and Shri A. K. Saseendran, Minister for Forest and Wildlife replied to the points raised during the discussion. The cut motions were declared lost. Then the Demand No. XXVII and XXXIV were put to vote and passed.

The House adjourned at 4.01 p.m. to meet again at 9.00 a.m on Thursday August 5, 2021.

S. V. UNNIKRISHNAN NAIR,
Secretary.